(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) കെട്ടിടം, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവയോടു കൂടി ഈ സ്ഥാപനം ഇതുവരെ ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല. അതിനുശേഷം ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് അധിക തസ്തികൾ സൃഷ്ടിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിഹരിച്ചശേഷം മാത്രമേ ഇവിടെ ഐ.പി. യൂണിറ്റ് ആരംഭിക്കാൻ കഴിയുകയുള്ളൂ.

തൃത്താല ഗവൺമെന്റ് ആശുപത്രിയിലെ ഐ.പി. വിഭാഗവും പോസ്റ്റുമോർട്ടം സംവിധാനവും സംബന്ധിച്ച പരാതി

130 [1707] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് ഐ.പി.-യും, പോസ്റ്റുമോർട്ടം സംവിധാനവും പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ ആവശ്യത്തിന് ഡോക്ടറേയും ജീവനക്കാരെയും നിയമിച്ച് ഐ.പി.-യും, പോസ്റ്റുമോർട്ടം സംവിധാനവും എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃത്താല ഗവൺമെന്റ് ആശുപത്രിയിൽ 2 ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്. ഇതിൽ ഒരു ഡോക്ടർ അവധിയിലാണ്. പ്രസ്തുത ഒഴിവിലേക്ക് ഒരു ഡോക്ടറെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10-6-2004-ലെ ഉത്തരവ് നമ്പർ ഇ.എ1-81/04/ഡി.എച്ച്.എസ്. പ്രകാരം നിയമിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ 2 ഡോക്ടർമാർ എങ്കിലും ഉണ്ടായാൽ ഐ.പി. സംവിധാനം പുനരാരംഭിക്കാവുന്നതാണ്. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ 6-7-2004-ലെ കത്ത് പ്രകാരം പോസ്റ്റുമോർട്ടം സംവിധാനം പുനരാരംഭിക്കുവാൻ തൃത്താല ഗവൺമെന്റ് ആശുപത്രി മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്റർ

131 [1708] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി (അസംബ്ലി) നിയോജകമണ്ഡലത്തിലെ വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പി.എച്ച്.സി.-യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതി നാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഒമാന്നൂർ ബ്ലോക്ക് പി.എച്ച്.സി.-യുടെ കീഴിലുള്ള മിനി പി.എച്ച്.സി.-യാണ് വാഴക്കാട് പി.എച്ച്.സി. ഇവിടെ ഐ.പി. നടത്താൻ ആവശ്യമായ സ്റ്റാഫും കെട്ടിട സൗകര്യവും നിലവിലില്ല. മിനി പി.എച്ച്.സി.-യിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ നിർവ്വാഹമില്ല.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

132 [1709] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ 15 വർഷം മുമ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മതിയായ ജീവനക്കാരും സൗകര്യവും ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊണ്ടോട്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിഎച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്ത തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സിഎച്ച്.സി.-കളുടെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവു കളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും കൊണ്ടോട്ടി സി.എച്ച്.സി.-യിൽ കൂടുതൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം ആവശ്യാധിഷ്ഠിതമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly